# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6157** **04.07.2019-ൽ മറുപടിയ്ക്ക്**

## ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് പദ്ധതി

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കാമോ; | എ) | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ കുലിയൂർ (വെങ്കിടങ്ങ്) വില്ലേജിൽ സർവ്വെ നമ്പർ 148/4 ബി-യിൽപ്പെട്ട 25 സെന്റ് സ്ഥലം വില്ലേജ് ആഫീസിലെ ഭൂനികുതി രജിസ്റ്റർ പ്രകാരം ഗവൺമെന്റ് ഫിഷറീസ് സ്കൂൾ എന്നും എന്നാൽ പുറമ്പോക്ക് നോട്ട് ബുക്കിൽ പുറമ്പോക്ക് ഫിഷറീസ് സ്കൂൾ എന്നും രേഖപ്പെടുത്തി യിരിക്കുന്നതായും കാണുന്നു. ഈ സ്ഥലം ഫിഷറീസ് വകുപ്പിന്റെ കൈവശമാണെന്നുള്ളത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ബന്ധപ്പെട്ട വില്ലേജ് ആഫീസിൽ ഇല്ലെന്ന് കാണുന്നു. ഈ സ്ഥലത്ത് മുമ്പ് ഫിഷറീസ് സ്കൂൾ പ്രവർത്തിച്ചിരുന്നുവെന്നും വർഷങ്ങൾക്ക് മുമ്പ് സ്കൂൾ പൂട്ടുകയും അതിനുശേഷം നശിച്ചു പോവുകയും ചെയ്തു എന്നുമാണ് ഫിഷറീസ് വകുപ്പ് നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. |
| ബി) പ്രസ്തുത സ്ഥലം അതിർത്തി നിശ്ചയിച്ച് ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | ബി) | നിലവിൽ ഇത് സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല. |

Sheeba

**സെക്ഷൻ ആഫീസർ**